# 394

എത്ര സ്തുതിച്ചുവെന്നാലും എത്ര നന്ദി ചൊല്ലിയാലും
കർത്താവു ചെയ്ത നന്മയ്ക്കു പ്രത്യുപകാരമാകുമോ?

1 മൃത്യുവിൻ ഹസ്തത്തിൽ നിന്നും ശത്രുവിൻ അസ്ത്രത്തിൽ നിന്നും
ഭൃത്യനാമെന്റെ പ്രാണനെ കാത്ത തൻ ദയയത്ഭുതം-

2 കഷ്ടനഷ്ടങ്ങൾ വന്നാലും ദുഷ്ടലോകം പകച്ചാലും
കർത്താവിൽ ഞാൻ സന്തോഷിക്കും കഷ്ടങ്ങളിൽ പ്രശംസിക്കും-

3 ചിത്തം കലങ്ങുമന്നേരം കർത്തനെയുള്ളിൽ ധ്യാനിച്ചു
ദു:ഖം മറന്നു പാടും ഞാൻ ഉച്ചത്തിൽ സ്തോത്ര ഗീതങ്ങൾ-

4 തീരാ വിഷാദങ്ങൾ തീർന്നു തോരാത്ത കണ്ണുനീർ തോർന്നു
കർത്താവിൻ പാദം ചേർന്നു ഞാൻ നിത്യയുഗങ്ങൾ വാണിടും- **G.P.**